DESPATCHED On..26/2/2020
16/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 2723*(2)/2018*/*എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നമ്പർ 14310/*എസ്.ഐ.സി–ജി 6/18*)**

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.കെ.അബ്ദുൾ നാസർ,
അയിഷാ മൻസിൽ, കരീറ്റിപ്പറമ്പ്,
മാനിപുരം പി.ഒ., കൊടുവള്ളി,
കോഴിക്കോട്, പിന – 673 572.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ഡെപ്യൂട്ടി കമ്മീഷണർ,
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ ഓഫീസ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്,
ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ ഓഫീസ്,
തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.09.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15.10.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 23.10.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.11.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.12.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 10.12.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.09.2019 കമ്മീഷൻ അസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

# <u>ഉത്തരവ്</u>

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.കെ.അബ്ദുൾ നാസർ, 04.12.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 10.12.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2723(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും തെറ്റായ വിവരമാണ് ലഭിച്ചതെന്നും ടിയാന്റെ അപേക്ഷ ശരിയായ രീതിയിലല്ല കൈകാര്യം ചെയ്തിട്ടില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 26.09.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 15.10.2018ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പിലിന് 15.11.2018ന് നൽകിയ മറുപടിയിൽ ഒന്നാം എതിർകക്ഷിയുടെ മറുപടിയെ ശരിവച്ചുകൊണ്ടുള്ളതായിരുന്നു എന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 20.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 15.10.2018ന് മറുപടി നൽകിയിരുന്നുവെന്നും ഹർജിക്കാരന്റെ അപേക്ഷയിലെ രണ്ടാം ഇനത്തിൽ ആവശ്യപ്പെട്ടതു പ്രകാരമുള്ള അപേക്ഷ ടി ഓഫീസിൽ ലഭിച്ചിട്ടില്ലെന്നും ടി വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നുമാണ്. തുടർന്ന് ഹർജിക്കാരൻ സമർപ്പിച്ച ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നും ഹർജിക്കാരന് ആവശ്യമായ രേഖകൾ ഏതൊക്കെയാണെന്ന് ഹർജിക്കാരൻ കൃത്യമായി അപേക്ഷയിൽ പ്രതിപാദി

ച്ചിരുന്നില്ലെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലും അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)
Ge/

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *